**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

Higher Secondary വിദ്യാഭ്യാസ വകുപ്പിൽ HSST(Jr) Commerce(Cat. No.339/2017) KHSE Department തസ്തികയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടിട്ടുള്ള അവസാന ഘട്ട അഭിമുഖം 04.11.2020 തീയതി മുതൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആസ്ഥാന ഓഫീസിലും എറണാകുളം ,കോഴിക്കോട് മേഖല ഓഫീസുകളിലും എറണാകുളം, തൃശ്ശൂർ , മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലാ ഓഫീസുകളിലും വച്ച് നടത്തുവാൻ ബഹു. കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

കോവിഡ് ഭീതി നിലനിൽക്കുന്നതിനാൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ ആഫീസ് പരിസരത്ത് പ്രവേശിക്കാൻ പാടുള്ളൂ . ഉദ്യോഗാർത്ഥികൾക്ക് profile message, mobile SMS എന്നിവ അയച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂ മെമ്മോ വ്യക്തി വിവരക്കുറിപ്പ് എന്നിവ Profile-നിന്നും download ചെയ്യേണ്ടതാണ്. വ്യക്തിവിവരക്കുറിപ്പ് പൂരിപ്പിച്ച് OTV സർട്ടിഫിക്കറ്റ് സഹിതം നേരിട്ട് ഹാജരാക്കേണ്ടതാണ്. ഒക്ടോബർ മാസം 7,8,9 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്നതും പിന്നീടി മാറ്റി വച്ചതുമായ അഭിമുഖത്തിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളെ ഈ ഘട്ടത്തിലെ അഭിമുഖത്തിൽ ഉൾപ്പെടുത്തുകയാണ്.

ഒക്ടോബർ 7,8,9 എന്നീ തീയതികളിൽ തിരുവനന്തപുരം ആസ്ഥാന ഓഫീസിലെ അഭിമുഖത്തിൽ ഉൾപ്പെട്ടിരുന്ന ഉദ്യോഗാർത്ഥികൾക്കായി നവംബർ 4,5 തീയതികളിലായി തിരുവനന്തപുരം ആസ്ഥാന ഓഫീസിൽ വച്ചും , ഒക്ടോബർ 7,8,9 എന്നീ തീയതികളിലായി എറണാകുളം റീജിയണൽ ഓഫീസിൽ അഭിമുഖം നിശ്ചയിച്ചിരുന്ന ഉദ്യോഗാർത്ഥികൾക്കായി നവംബർ 4,5,6,18,19 തീയതികളിലായി എറണാകുളം റീജിയണൽ ഓഫീസിൽ വച്ചും, ഒക്ടോബർ 7,8,9 എന്നീ തീയതികളിൽ കോഴിക്കോട് റീജിയണൽ ഓഫീസിൽ അഭിമുഖം നിശ്ചയിച്ചിരുന്ന ഉദ്യോഗാർത്ഥികൾക്കായി നവംബർ 5,6,11,12,13,18 എന്നീ തീയതികളിലായി കോഴിക്കോട് റീജിയണൽ ഓഫീസിലും വച്ച് അഭിമുഖം നടത്തുന്നതാണ് . ഇത് സംബന്ധിച്ച വിവരങ്ങൾക്കായി ഉദ്യോഗാർത്ഥികൾ Profile പരിശോധിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ മുൻ നിശ്ചയിച്ച പ്രകാരമുള്ള അതേ ഇന്റർവ്യൂമെമ്മോയും അതേ രേഖകളുമായി പുതുക്കി നിശ്ചയിച്ചിട്ടുള്ള തീയതിയിൽ നിശ്ചിത സമയത്ത് അഭിമുഖത്തിന് ഹാജരാകേണ്ടതാണ്. അഭിമുഖത്തിന് മൂന്ന് ദിവസം മുൻപ് വരെ അറിയിപ്പ് ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഗവൺമെന്റ് റിക്രൂട്ട്മെന്റ് (GR V) വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ് (0471-2546439). പി.എസ്.സി വെബ്സൈറ്റിലെ Interview Schedule, Announcement ലിങ്കുകൾ എന്നിവ പരിശോധിക്കുക.

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**സെക്രട്ടറിക്കുവേണ്ടി**